പി.സി.ആർ ടെസ്റ്റുകളെ അവലംബിക്കുന്നത്. ചില പ്രത്യേകതരം വൈറൽ രോഗങ്ങൾ, ചില പ്രത്യേകതരം ടി.ബി., ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി എന്നീ രോഗങ്ങളുടെ ചികിത്സ ഫലപ്രദമാകുന്നുണ്ടോ എന്നറിയാനുള്ള ടെസ്റ്റുകൾ പി.സി.ആർ. വഴി ചെയ്യുന്നുണ്ട്.

നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ അപ്പക്സ് റഫറൽ ലബോറട്ടറി എന്ന നിലയിൽ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ എന്നീ രോഗങ്ങളുടെ വൈറൽ ടൈപ്പിംഗ് ചെയ്ത് നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന് ലഭ്യമാക്കുന്നുണ്ട്.

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾ

92 (2643) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടന പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടന ആരോഗ്യ വകുപ്പിന് പുതിയ നിർദ്ദേശങ്ങൾ ഒന്നും നല്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം

93 (2644) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നും വൃത്തിഹീനമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്നവയും ആണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആരോഗ്യ ഭക്ഷ്യ സുരക്ഷാ വകുപ്പുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയുടെ നയപ്രകാരമാണ്. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് ഇതു സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കഴിയുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ ഡിവിഷണൽ മാനേജർക്കും ജനറൽ മാനേജർക്കും ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഇതിനകം കത്ത് നൽകിയിട്ടുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ടെയിനുകളിലും പ്ലാറ്റ് ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ യുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ വിലയും, ചേരുവകളും, അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രി കാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട്, വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന സർക്കുലർ റെയിൽവേ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

പക്ഷിപ്പനിയുടെ വ്യാപനം തടയൽ

94 (2645) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly